# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.591      29.11.2018-ൽ മറുപടിയ്ക്ക്

## ഒറ്റപ്പാലം കിൻഫ്ര പാർക്കിന്റെ വികസനം

| ചോദ്യം<br>ശ്രീ.പി. ഉണ്ണി | ഉത്തരം<br>ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|
| എ) ഒറ്റപ്പാലം കിൻഫ്ര വ്യവസായ പാർക്കിന്റെ വികസനത്തിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദീകരിക്കാമോ; | എ) ഒറ്റപ്പാലം കിൻഫ്ര വ്യവസായ പാർക്കിലെ ഡിഫൻസ് പാർക്കിന്റെ വികസന പ്രവർത്തനങ്ങൾക്കായി സംസ്ഥാന സർക്കാർ 33 കോടി രൂപ ചിലവഴിച്ചിട്ടുണ്ട്. കോമൺ ഫെസിലിറ്റി സെന്റർ, റോഡുകൾ, ഇലക്ട്രിക്കൽ അനുബന്ധ പ്രവർത്തനങ്ങൾ, തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. വെയർഹൗസ്, കോമൺ യൂറ്റിലിറ്റി സെന്റർ, ആഭ്യന്തര ജല വിതരണ സംവിധാനം എന്നിവ പൂർത്തീകരിച്ചു കഴിഞ്ഞു. |
| ബി) പ്രസ്തുത പാർക്കിൽ നിലവിൽ ഏതെല്ലാം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ; | ബി) പ്രസ്തുത പാർക്കിൽ കിൻഫ്ര 19 വ്യവസായ സംരംഭകർക്ക് ഭൂമി/ബിൽറ്റ് അപ് സ്പേസ് അലോട്ട് ചെയ്തിട്ടുണ്ട്. ഇതിൽ താഴെ പറയുന്ന സംരംഭകർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br>1. M/s Blissful Garments Pvt. Ltd.<br>2. M/s Ibrahim Metal Industries<br>3. M/s Skyniche Business Solutions<br>4. M/s Micro Clouds<br>5. M/s Trilacious<br>6. M/s Hari Sree Clothings<br>7. M/s K Frames |
| സി) ഒറ്റപ്പാലം കിൻഫ്ര പാർക്കിൽ വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിന്റെ ഭാഗമായി ഒറ്റപ്പാലത്ത് ആഗസ്റ്റ് 13, 2018 ന് പാലക്കാട് ജില്ലയിലുള്ള സംരംഭകരെയും ധനകാര്യ സ്ഥാപനങ്ങളെയും ഫിക്കി, ചെറുകിട അസോസിയേഷനുകൾ എന്നിവരുടെയും പങ്കാളിത്തത്തോടു കൂടി ഒരു നിക്ഷേപ സംഗമം സംഘടിപ്പിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ